പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2398** **23-02-2026-ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ആന്റണി ജോൺ

ശ്രീ. ആന്റണി ജോൺ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

**മറുപടി:** കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേക്ക് GO(Rt) No. 942/2017/PWD തീയതി 10/07/2017 പ്രകാരം 3500 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 793.68 കി. മീ. ആണ് കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കുന്നത്. കിഫ്ബി മാനദണ്ഡപ്രകാരം 12.00 മീറ്റർ വീതിയിൽ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽ നിന്ന് സൗജന്യമായി ലഭ്യമാക്കി DBM & BC നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നതിനാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്.

കോതമംഗലം നിയോജകമണ്ഡലത്തിൽ ചെറങ്ങാനാൽ മുതൽ നേര്യമംഗലം വരെയാണ് (31.5 കിലോമീറ്റർ) ഹിൽ ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. അതിൽ 3 സ്ട്രെച്ചുകളായിട്ടാണ് DPR തയ്യാറാക്കിയിരിക്കുന്നത്. ആദ്യ സ്ട്രെച്ചിൽ ചെറങ്ങാനാൽ മുതൽ കാഞ്ഞിരക്കുന്ന് വരെ 13.40 കിലോമീറ്റർ ഭാഗത്തെ പ്രവൃത്തിക്ക് 20/03/2022 തീയതിയിലെ ഉത്തരവ് നം. PWD013-09/APR-2/2022/KIIFB പ്രകാരം 65.57 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ബാക്കി രണ്ട് റീച്ചുകളിലും (റീച്ച് 2 – കാഞ്ഞിരക്കുന്ന് മുതൽ നാടുകാണി വരെ, റീച്ച് 3 – നാടുകാണി മുതൽ നേര്യമംഗലം വരെ) DPR തയ്യാറാക്കിയിരുന്നുവെങ്കിലും ഫ്രീ സറണ്ടർ ആയി ഭൂമി ലഭ്യമാക്കുവാൻ കഴിയാത്തതിനാൽ സാമ്പത്തികാനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാകാത്തതിനെ തുടർന്ന് ആദ്യത്തെ റീച്ച് സാങ്കേതികാനുമതിക്കായി അന്തിമമാക്കാൻ സാധിച്ചിട്ടില്ല എന്നും കെ. ആർ. എഫ്. ബി. അറിയിച്ചിട്ടുണ്ട്. നിലവിൽ കോതമംഗലം ഉപവിഭാഗമാണ് ഈ റോഡിന്റെ മെയ്ന്റനൻസ് പ്രവൃത്തികൾ ചെയ്തു വരുന്നത് എന്നാണ് കെ. ആർ. എഫ്. ബി. അറിയിച്ചിട്ടുള്ളത്.

**(ബി)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള വീതിയിൽ റോഡ് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മലയോര ഹൈവേ നിർമ്മാണത്തിന് കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിലാണ് നിർമ്മാണ പ്രവർത്തനം നടത്തുന്നത്.

**സെക്ഷൻ ഓഫീസർ**